# തീർത്ഥയാത്ര

ജീവിതമൊരു തീർത്ഥയാത്ര,
ജീവന്റെ മോക്ഷയാത്ര;
ജനിമൃതികൾക്കിടയിലൂടെ-
കരകാണാതലയുന്ന യാത്ര,
കുരിശും പേറിയീയാത്ര, ഈ യാത്ര.

ദീർഘമാം തപസ്യയിലൂടെ,
സുഖദുഃഖ സ്മൃതിയിലൂടെ;
ഇരുൾ നിറഞ്ഞ പാതയിലൂടെ,
പ്രകാശം തേടിയീയാത്ര, ഈ യാത്ര.

സത്യത്തിൻ പൊരുൾ തേടി-
നിത്യമായ ഉറവിടം തേടി;
പ്രത്യാശയോടെയീയാത്ര, ഈ യാത്ര.
ഈ തീർത്ഥ യാത്ര.